പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *314 17.10.2016 - ൽ മറുപടിയ്ക്ക്

# പറമ്പിക്കുളം - ആളിയാർ കരാർ പ്രകാരമുള്ള ജലം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. ബാബു<br>ശ്രീ. കെ. വി. വിജയദാസ്<br>ശ്രീ. പി. ഉണ്ണി<br>ശ്രീ. യു. ആർ. പ്രദീപ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) പറമ്പിക്കുളം ആളിയാർ കരാർ പുതുക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിയ്ക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (എ) പറമ്പിക്കുളം ആളിയാർ പദ്ധതി (പി.എ.പി.) കരാറിന്റെ പുനരവലോകനവുമായി ബന്ധപ്പെട്ട ചർച്ചകൾ പുനരാരംഭിക്കുന്നതിന്റെ ഭാഗമായി ജോയിന്റ് ഡയറക്ടർ, ജോയിന്റ് വാട്ടർ റഗുലേഷൻ ഡിവിഷൻ, പി.എ.പി. പാലക്കാട്, തമിഴ് നാടിന്റെ ഉന്നത ഉദ്യോഗസ്ഥരുമായി വകുപ്പുതലത്തിൽ അനൗപചാരിക ചർച്ച നടത്തു കയുണ്ടായി. തുടർ ചർച്ചകൾക്ക് തമിഴ് നാട് സർക്കാർ അനുകൂലമായി പ്രതികരിക്കുമെന്നാണ് തമിഴ് നാടിന്റെ ഉദ്യോഗസ്ഥർ അറിയിച്ചിട്ടുള്ളത്. ഈ സാഹചര്യത്തിൽ കേരള ത്തിന്റെ താല്പര്യങ്ങൾ പൂർണ്ണമായി സംരക്ഷിച്ചുകൊണ്ട് തമിഴ് നാടുമായി ചർച്ചകൾ നടത്തി കരാർ പുനരവലോകനം ചെയ്യുന്നതിനുള്ള നടപടികൾ നടന്നു വരികയാണ്. |
| (ബി) പ്രസ്തുത കരാർ പ്രകാരമുള്ള വെള്ളം ലഭിക്കാത്തതിനാൽ കുടിവെള്ള ക്ഷാമവും നെൽകൃഷി അടക്കമുള്ള കൃഷികൾക്ക് ജല ദൗർലഭ്യം നേരിടുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ബി) പി.എ.പി. കരാർ പ്രകാരമുള്ള ജലം ലഭിക്കാത്ത തിനാൽ ചിറ്റൂർ പദ്ധതി പ്രദേശത്ത് ഇപ്പോൾ കുടിവെള്ള ക്ഷാമവും കാർഷികാവശ്യങ്ങൾക്ക് ജല ദൗർലഭ്യവും അനുഭവപ്പെടുന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. |
| സി) എങ്കിൽ ഇതു പരിഹരിക്കാനായി എന്തെല്ലാം നടപടികൾ സ്വീകരി ക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാ ക്കാമോ? | (സി) പറമ്പിക്കുളം ആളിയാർ പദ്ധതി (പി.എ.പി.) യിൽ നിന്ന് കേരളത്തിന് അവകാശപ്പെട്ട ജലം നേടിയെടുത്ത് ചിറ്റൂർപ്പുഴ പദ്ധതി പ്രദേശത്തെ നിലവിലെ ജല ക്ഷാമം പരിഹരിക്കാനുള്ള സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ചു വരികയാണ്.പി.എ.പി. കരാർ പ്രകാരമുള്ള ജലം ലഭ്യമാക്കാത്ത സാഹചര്യത്തിൽ സംയുക്ത ജല |

ക്രമീകരണ ബോർഡിന്റെ (ജെ.ഡബ്ല്യൂആർ.ബി) യോഗം 21.10.2016-ന് ചേരണമെന്ന് കേരളം 04.10.2016-ന് തമിഴ് നാടിനോടാവശ്യപ്പെട്ടിരുന്നു. ഇതിനോടുള്ള തമിഴ് നാടിന്റെ പ്രതികരണം അനുകൂലമല്ലാത്തതിനാൽ ബന്ധപ്പെട്ട കരാർ വ്യവസ്ഥകൾ ചൂണ്ടിക്കാട്ടി 21.10.2016-ന് തന്നെ ജെ.ഡബ്ല്യു.ആർ.ബി. യുടെ യോഗം ചേരണമെന്ന് 07.10.2016-ന് കേരളം വീണ്ടും തമിഴ് നാടിനോട് ആവശ്യപ്പെടുകയുണ്ടായി.

ഇതിനു പുറമെ 2016 ഒക്ടോബർ ഒന്നാം ദ്വൈവാരത്തിൽ കരാർ പ്രകാരം കേരളത്തിന് ചിറ്റൂർപ്പുഴ പദ്ധതി പ്രദേശത്തേയ്ക്ക് ലഭ്യമാക്കേണ്ട 700 എം.സി.എഫ്.ടി. ജലം 540 ക്യൂസെക്സ് എന്ന തോതിൽ മണക്കടവ് വിയറിൽ നൽകണമെന്ന് ആവശ്യപ്പെട്ടിരുന്നു. എന്നാൽ വളരെ കുറഞ്ഞ തോതിലാണ് തമിഴ് നാട് മണക്കടവിൽ ജലം ലഭ്യമാക്കിവന്നത്. ഇതിനെ തുടർന്നുണ്ടായ ജലക്ഷാമം പരിഹരിക്കാൻ കരാർ പ്രകാരമുള്ള ജലം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ബഹു. കേരള ജല വിഭവ വകുപ്പുമന്ത്രി 08.10.2016-ന് ബഹു. തമിഴ് നാട് പൊതുമരാമത്ത് മന്ത്രിയ്ക്ക് കത്തയ ക്കുകയുണ്ടായി. കൂടാതെ ഈ പ്രശ്നത്തിൽ ഇടപെട്ട് കരാർ പ്രകാരമുള്ള ജലം കേരളത്തിന് ലഭ്യമാക്കാൻ വേണ്ട നിർദ്ദേശം തമിഴ് നാടിന് നൽകണമെന്നാ വശ്യപ്പെട്ടുകൊണ്ട് ബഹു. കേരള ജലവിഭവ വകുപ്പുമന്ത്രി 08.10.2016-ന് ബഹു. കേന്ദ്ര ജലവിഭവ വകുപ്പുമന്ത്രിയ്ക്കും കത്തയക്കുകയുണ്ടായി

ഈ വിഷയത്തിൽ സംസ്ഥാനത്തിന്റെ ശക്തമായ നിലപാടുകളെത്തുടർന്ന് തമിഴ് നാട് കേരളത്തിന് പി.എ.പി. യിൽ നിന്ന് ജലം ലഭ്യമാക്കുന്നതിനെക്കുറിച്ച് ചർച്ച നടത്താൻ മുന്നോട്ടു വരികയും 10.10.2016-ന് തമിഴ് നാട്ടിലെ പൊള്ളാച്ചിയിൽ വെച്ച് ഉദ്യോഗസ്ഥ തലത്തിൽ ചർച്ച നടത്തുകയുമുണ്ടായി. ഈ ചർച്ചയിൽ കേരളത്തിന് ഒക്ടോബർ ഒന്നാം ദ്വൈവാരത്തിന്റെ അവസാനം വരെ മണക്കടവ് വിയറിൽ 300 ക്യൂസെക്സ് എന്ന തോതിൽ ജലം നൽകാമെന്നും രണ്ടാം ദ്വൈവാരത്തിൽ സംയുക്ത ജല ക്രമീകരണ ബോർഡിന്റെ (ജെ.ഡബ്ല്യു.ആർ.ബി) യോഗം ചേരാമെന്നും അതുവരെ മണക്കടവ് വിയറിൽ 200 ക്യൂസെക്സ് എന്ന് തോതിൽ ജലം നൽകാമെന്നും സമ്മതിച്ചിട്ടുണ്ട്.

പി.എ.പി. കരാർ പ്രകാരമുള്ള ജല ലഭ്യത ഉറപ്പുവരുത്താൻ ബന്ധപ്പെട്ട ജലസേചന വകുപ്പ് ഉദ്യോഗസ്ഥരും, കേരള സർക്കാരും സ്ഥിതി ഗതികൾ സൂക്ഷ്മമായി നിരീക്ഷിച്ച് വരികയാണ്.

സെക്ഷൻ ഓഫീസർ